വരവൂർ വ്യവസായ പാർക്ക്

293(633) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് മുന്നോടിയായി നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അവ പൂർത്തിയായിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(സി) വ്യവസായ പാർക്ക് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇപ്പോൾ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും പറയാമോ ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വരവൂർ വില്ലേജിൽ 8.55 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) എം.എസ്.സി.-സിഡി.പി. പദ്ധതി പ്രകാരം അനുവദിച്ച 3 ലക്ഷം (മൂന്ന് ലക്ഷം) രൂപ ചെലവഴിച്ച് വരവൂർ വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യവസായ വകുപ്പ് ഡയറക്ടർമാർക്കെതിരെ വിജിലൻസ് മൊഴി

294 (634) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ജോലിചെയ്തിരുന്ന ഏതെങ്കിലും മുൻഡയറക്ടർ മാർക്കെതിരെ വിജിലൻസ് വകുപ്പിന് ആരെങ്കിലും മൊഴി നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സംഭവം സംബന്ധിച്ചാണെന്നും ഇതിന്റെ വിശദാംശങ്ങളും വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിജിലൻസ് വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly